**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3658** **12-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2016-17 മുതൽ ഓരോ സാമ്പത്തിക വർഷവും കെ.എസ്.ആർ.ടി.സി.യ്ക്ക് എത്ര രൂപ വീതമാണ് സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്; ഇതിൽ വായ്പ ഇനത്തിലും ഗ്രാന്റായും എത്ര രൂപ വീതം അനുവദിച്ചു; ആയത് ഏതൊക്കെ ഇനത്തിലേക്കാണ് അനുവദിച്ചതെന്നും അതിൽ എത്ര രൂപ വീതം ഓരോ സാമ്പത്തിക വർഷവും വിനിയോഗിച്ചിട്ടുണ്ടെന്നും; എന്തിന് വേണ്ടിയാണെന്നും വ്യക്തമാക്കാമോ? | (എ) | 2016-17 മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ വായ്പയായി കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം വായ്പയായി അനുവദിച്ച 1434.81 കോടി രൂപ വായ്പയിൽ 20.29 കോടി രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ടി തുക ടോൾ ചാർജ്ജിനത്തിൽ ബന്ധപ്പെട്ട ടോൾ പ്ലാസകൾക്ക് അനുവദിക്കുന്നതിനായാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ റിലീസ് ചെയ്ത് നൽകിയത്. എന്നാൽ ടോൾ പ്ലാസയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ ടി തുക അനുവദിച്ചിട്ടില്ല.<br><br>2023-24 സാമ്പത്തിക വർഷം മുതൽ 2024 സാമ്പത്തിക വർഷം നാളിതുവരെയും അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.<br><br>2020-21 സാമ്പത്തിക വർഷം സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസും എന്ന പദ്ധതിക്കായി അനുവദിച്ച 2.74 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. C-DAC-നെ ചുമതലപ്പെടുത്തിയ പ്രവൃത്തി തൃപ്തികരമായി നിർവ്വഹിക്കാത്തതിനാലാണ് ടി തുക ചെലവഴിക്കാൻ സാധിക്കാത്തത്.<br><br>2016-17 മുതൽ 2018-19 സാമ്പത്തിക വർഷം വരെ പദ്ധതി വിഹിതമായി അനുവദിച്ച തുകയും, 2021-22 മുതൽ 2023-24 സാമ്പത്തിക വർഷം വരെ പദ്ധതി വിഹിതമായി അനുവദിച്ച തുകയും പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്.<br><br>നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക വിനിയോഗിച്ച് പദ്ധതി പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | നിർവ്വഹിച്ചുവരികയാണ്.<br><br>കെ.എസ്.ആർ.ടി.സി.യ്ക്ക് ഗ്രാന്റ് ഇനത്തിൽ തുകയൊന്നും സർക്കാർ അനുവദിച്ച് നൽകിയിട്ടില്ല.<br><br>2016-17 മുതൽ ഓരോ സാമ്പത്തിക വർഷവും കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

- **സർക്കാർ വായ്പ**

(തുക കോടി രൂപയിൽ)

| സാമ്പത്തിക വർഷം | ശമ്പളം | പെൻഷൻ | മറ്റിനങ്ങൾ | ആകെ |
|---|---|---|---|---|
| 2016-17 | 0.00 | 305.00 | 0.00 | **305.00** |
| 2017-18 | 540.00 | 290.00 | 5.00 | **835.00** |
| 2018-19 | 332.70 | 662.04 | 61.61 | **1056.35** |
| 2019-20 | 279.00 | 708.37 | 0 | **987.37** |
| 2020-21 | 820.17 | 726.91 | 192.78 | **1739.86** |
| 2021-22 | 863.09 | 898.81 | 275.61 | **2037.51** |
| 2022-23 | 590.00 | 781.81 | 63.00 | **1434.81** |
| 2023-24 | 590.00 | 1007.47 | 468.10 | **2065.57** |
| 2024-25 (05-03-2025 വരെ) | 550.00 | 736.92 | 212.50 | **1499.42** |

- **പദ്ധതി വിഹിതം**

(തുക കോടി രൂപയിൽ)

| സാമ്പത്തിക വർഷം | തുക |
|---|---|
| 2016-17 | 20.61 |
| 2017-18 | 20.00 |
| 2018-19 | 5.60 |
| 2019-20 | 0.00 |
| 2020-21 | 2.74 |
| 2021-22 | 38.44 |
| 2022-23 | 59.14 |
| 2023-24 | 67.66 |
| 2024-25 (31-01-2025 വരെ) | 10.88 |

സെക്ഷൻ ഓഫീസർ.